

# മൂന്നാർ : അറിയാതെ പോകുന്നത്

സുമേഷ് മംഗലശ്ശേരി

കഴിഞ്ഞ ഏതാനും മാസങ്ങളായി പത്ര-ദൃശ്യ മാധ്യമങ്ങൾ കൊണ്ടാടിയ മൂന്നാറിൽ നിന്നുള്ള വാർത്തകൾ മുറിഞ്ഞുപോയിരിക്കുന്നു. കേരളത്തിൽ ഇങ്ങനെ എളുപ്പം മറന്നുപോകുന്ന, മുറിഞ്ഞുപോകുന്ന പല വാർത്തകളിൽ ഒന്നായി മൂന്നാറും മാറുന്നു. മൂന്നാർ ദൗത്യം കേരള രാഷ്ട്രീയ ചരിത്രത്തിലെ നാഴികക്കല്ലായും അതിന് നേതൃത്വം നൽകിയ മുഖ്യമന്ത്രി ചരിത്രപുരുഷനാണെന്നും ലേഖനമെഴുതിയ എഴുത്തുകാരും ബുദ്ധിജീവികളും നിശബ്ദരായിരിക്കുന്നു. എങ്കിലും അവശേഷിക്കുന്ന ചില ചോദ്യങ്ങളുണ്ട്. ആരാണ് ഇതിൽ നിന്നും നേട്ടമുണ്ടാക്കുന്നത്. മുഖ്യമന്ത്രിയുടെ രാഷ്ട്രീയനേട്ടം? ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്ക് ജനപിന്തുണ? ഇതൊന്നുമല്ലാതെയുള്ള ചില പ്രവർത്തനങ്ങളുടെ വസ്തുതകൾ പുറത്തുവന്നു കൊണ്ടിരിക്കുന്നു.

2007 മെയ് 9 നാണ് മൂന്നാർ ദൗത്യം ആരംഭിക്കുന്നത്. പരിസ്ഥിതിപരമായി അതീവ ദുർബലമായ ഈ പ്രദേശത്ത് 91 ഓളം കെട്ടിടങ്ങളാണ്. പൊളിച്ചുമാറ്റപ്പെട്ടത്. ഇങ്ങനെ വിവിധ നിയമങ്ങൾ ലംഘിക്കപ്പെട്ട് നിർമ്മിച്ച (പൊളിക്കപ്പെട്ടതും ഇനി പൊളിക്കാതിരിക്കുന്നതും) ഭൂരിഭാഗം കെട്ടിടങ്ങളും ടൂറിസത്തിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെന്ന് ശ്രദ്ധേയമാണ്. ഇത് കാണിക്കുന്നത് മൂന്നാറിലെ നാടകങ്ങൾക്കിടയ്ക്ക് കേരളം ചർച്ചചെയ്യപ്പെടാതെ പോയ ടൂറിസത്തെക്കുറിച്ച് ചില സുപ്രധാന വസ്തുതകളാണ്.

ടൂറിസം വികസനം കേരളത്തിന്റെ വികസന പ്രതിസന്ധിക്ക് ഏക പരിഹാരമാർഗ്ഗമാണെന്ന സ്ഥിരപ്രചാരത്തിലൂടെ ടൂറിസം വ്യവസായികളും, വിനോദസഞ്ചാര വകുപ്പും കേരളത്തിൽ നടത്തിയ അല്ലെങ്കിൽ പ്രോത്സാഹിപ്പിച്ച അനിയന്ത്രിതവും സ്ഥായിയല്ലാത്തതു (unsustainable) മായ ഒരു ടൂറിസം വികസനത്തെയാണ് ഇത് കാണിക്കുന്നത്. കാലാകാലങ്ങളായി വിവിധ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ടി ഇവർ കാണിക്കുന്ന കള്ളക്കണക്കുകൾക്കും, അശാസ്ത്രീയമായ പ്രവചനങ്ങൾക്കും ഇത്തരത്തിലുള്ള ഒരു ടൂറിസം വികസനത്തിനുള്ള പങ്ക് ചെറുതല്ല. മൂന്നാറിൽ മാത്രമല്ല, മറിച്ച് കേരളത്തിലുടനീളം സർക്കാർ വകുപ്പുകളും (ചില സ്ഥലങ്ങളിൽ ജനങ്ങളും) നടത്തിയ കൈയ്യേറ്റങ്ങൾ തിരിച്ചു പിടിക്കലിൽ ഇത്തരം നിയമലംഘനങ്ങളിൽ ടൂറിസത്തിനുള്ള പങ്ക് വളരെ വ്യക്തമായിരുന്നു. പ്രത്യേകിച്ചും വയനാട് പോലുള്ള പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളിലും, കേരളത്തിലെ കായലോര പ്രദേശങ്ങളിലും ഇത്തരം കൈയേറ്റങ്ങൾ ധാരാളമായി കണ്ടിരുന്നു (ഇപ്പോഴും തുടരുന്നു). ഇത്തരം കൈയേറ്റങ്ങളിൽ പാരിസ്ഥിതിക സൗഹൃദ ടൂറിസത്തിന് വിവിധ അംഗീകാരങ്ങൾ (ടൂറിസം വകുപ്പിന്റെ തന്നെ) ലഭിച്ച ചില റിസോർട്ടുകളും ഉൾപ്പെടുന്നു എന്നത് ശ്രദ്ധേയമാണ്. ഇത്തരം വസ്തുതകളെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നതിനുപകരം മൂന്നാർ ഓപ്പറേഷന് ചില 'വിശുദ്ധത' ചാർത്തിക്കൊടുക്കാനാണ് അതിനെ അനുകൂലിക്കുന്നവരും, പ്രതികൂലിക്കുന്നവരും ശ്രമിച്ചത്.

മൂന്നാറിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ ഒട്ടും ആശ്വാസ്യകരമല്ല. മൂന്നാറിലെ ഏറ്റെടുക്കുന്ന പ്രദേശങ്ങൾ ടൂറിസം വകുപ്പിന് കൈമാറി ടൂറിസം വികസിപ്പിക്കും എന്നാണ് ടൂറിസം മന്ത്രി പറയുന്നത്. അതിനായി കൺസൾട്ടന്റിനെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം വിവിധ പത്രങ്ങളിൽ ഇതിനകം തന്നെ വന്നു കഴിഞ്ഞു. കൂടാതെ മൂന്നാറിനെ പ്രത്യേക ടൂറിസം മേഖല (Special Tourism Zone) ആയി പ്രഖ്യാപിച്ചിരിക്കുകയാണ് (മൂന്നാർ കൂടാതെ കോവളം, കുമരകം, ഫോർട്ട് കൊച്ചി എന്നിവയാണ് മറ്റ് സ്പെഷൽ ടൂറിസം മേഖലകൾ). 2005 ൽ കേരള നിയമസഭ പാസ്സാക്കിയ കേരള വിനോദസഞ്ചാര (കൺസർവേഷൻ & പ്രിസർവേഷൻ) നിയമം (kerala Tourims Conservation & Preservation Act) അനുസരിച്ചാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. മൂന്നാറിൽ ഇതനുസരിച്ച് നടത്തേണ്ടുന്ന പ്രവർത്തനങ്ങളുടെ കരട് മാർഗ്ഗനിർദ്ദേശങ്ങൾ ടൂറിസം വകുപ്പിന്റെ ബെഞ്ച് സൈറ്റിൽ ലഭ്യമാണ്. മൂന്നാറിനുവേണ്ടിയുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങളിൽ ഇപ്പോൾ ദൗത്യസംഘം പൊളിച്ചിരിക്കുന്ന ചില സ്ഥലങ്ങളിലെ ടൂറിസം വികസനത്തെക്കുറിച്ചും പറയുന്നു

ണ്ട്. അപ്പോൾ ഈ പ്രദേശങ്ങളിൽ വീണ്ടും ടൂറിസം സംബന്ധിച്ച സൗകര്യങ്ങൾ വികസിപ്പിക്കാനാണ് ശ്രമിക്കുന്നത് എന്ന് വ്യക്തം. മാത്രമല്ല പ്രത്യേക ടൂറിസം മേഖലകൾ (Special Tourism Zone) ആരുടെ ആരുടെ താത്പര്യം സംരക്ഷിക്കാനാണ്.


## കേരള വിനോദസഞ്ചാര (കൺസർവേഷൻ & പ്രിസർവേഷൻ) നിയമം

2005 ൽ യു.ഡി.എഫ്. ഭരണകാലത്ത് ഈ നിയമം ചർച്ചക്കുവന്നപ്പോൾ തന്നെ ഈ നിയമത്തെക്കുറിച്ച് ധാരാളം വിമർശനങ്ങൾ ഉയർന്നിരുന്നു. പ്രത്യേകിച്ചും ഈ നിയമത്തിന്റെ കേന്ദ്രീകൃത സ്വഭാവത്തെക്കുറിച്ച്. ഈ നിയമം കേരളത്തിലെ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ അധികാരങ്ങളെ ഇല്ലാതാക്കുന്ന ഒന്നാണ്. ഈ നിയമപ്രകാരം സംസ്ഥാനത്തെ ഏതു പ്രദേശങ്ങളെയും പ്രത്യേക ടൂറിസം മേഖലയായി പ്രഖ്യാപിക്കാനുള്ള അധികാരം സർക്കാരിനുണ്ട്. ഈ നിയമമനുസരിച്ച് ഇങ്ങനെ പ്രത്യേക മേഖലയായി പ്രഖ്യാപിക്കുന്ന പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ അംഗീകരിക്കാനും ഉപദേശങ്ങൾ നൽകാനും ടൂറിസം സെക്രട്ടറി ചെയർമാനും ടൂറിസം ഡയറക്ടർ കൺവീനറായും ഒരു കമ്മിറ്റി നിലവിൽ വരും. തദ്ദേശ സ്വയംഭരണ സെക്രട്ടറി, ആർക്കിയോളജി ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ എന്നിവർ ഈ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. ഈ പ്രദേശത്തുനിന്നുള്ള എല്ലാ വികസന പ്രവർത്തനങ്ങളും ഉദ്യോഗസ്ഥ മേധാവിത്വത്തിലധിഷ്ഠിതമായ ഈ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമാണ്. ചുരുക്കത്തിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് ഒരു വീടുവെക്കണമെങ്കിൽ പോലും ഈ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമായി വരും. കൂടാതെ ഈ നിയമത്തിൽ പറയുന്നത് ഈ കമ്മിറ്റി ഇവിടങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിലും, പദ്ധതി നിർണ്ണയത്തിലും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമെന്നാണ്. ചുരുക്കത്തിൽ ഈ പ്രദേശങ്ങളിലെ വികസന അജണ്ടകൾ നിർണ്ണയിക്കുകയോ, സ്വാധീനിക്കുകയോ ചെയ്യുക, ഉദ്യോഗസ്ഥ മേധാവിത്വത്തിലധിഷ്ഠിതമായ ഈ കമ്മിറ്റിയായിരിക്കും. അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് സംസാരിക്കുന്നവർക്ക് അല്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ഈ നിയമം ഭേദഗതി ചെയ്യുകയാണ് ആദ്യം വേണ്ടത്.

## മൂന്നാറിനുശേഷം

കേരള വിനോദസഞ്ചാരമേഖലയിൽ കാലാകാലങ്ങളായി നിലനിന്നുവരുന്ന ഉദ്യോഗസ്ഥ ആധിപത്യം അരക്കിട്ടുറപ്പിക്കാൻ 'മൂന്നാർ ഓപ്പറേഷനെ' കൂടി ഉപയോഗിക്കുന്ന ഒരു കാഴ്ചയാണ് നാം കാണുന്നത്. ഈ ഉദ്യോഗസ്ഥ വൃന്ദമാകട്ടെ കാലാകാലങ്ങളായി ഇവിടുത്തെ വൻവ്യവസായികളുടെ താത്പര്യമാണ് സംരക്ഷിച്ചുവരുന്നത്.

ഈ നിയമത്തിലൂടെ പ്രത്യേക വ്യവസായ മേഖലകൾ സൃഷ്ടിച്ച് തങ്ങളുടെ അധികാരവും സ്വാധീനവും അരക്കിട്ടുറപ്പിക്കാനാണ് ഈ ഉദ്യോഗസ്ഥ-വ്യവസായ കൂട്ടുകൾ ശ്രമിക്കുന്നത്. 'ഉത്തരവാദിത്വ ടൂറിസ' (Responsible tourism) സംബന്ധിച്ച് ടൂറിസം വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശിൽപ്പശാലയിൽ പങ്കെടുത്ത സംഘടനകളുടെ പ്രധാന ആവശ്യങ്ങളായിരുന്നു ഈ നിയമം ഭേദഗതി ചെയ്യുക എന്നതും പ്രത്യേക ടൂറിസം മേഖലകൾ അനുവദിക്കാതിരിക്കുക എന്നതും. ഈ ആവശ്യത്തെക്കുറിച്ച് ടൂറിസം വകുപ്പ് മൗനം പാലിക്കുന്നു എന്നത് ശ്രദ്ധേയമാണ്.



മൂന്നാർ ഇടിച്ചുനിരത്തുമ്പോൾതന്നെ ഒറ്റ ജനകീയ സ്ഥാപനത്തിനോടോ ജനങ്ങളോടോ ചർച്ച ചെയ്യാതെ ഏകപക്ഷീയമായി കേരള ടൂറിസം ഡിപ്പാർട്ടുമെന്റ് തുടങ്ങിവെച്ച പദ്ധതിയുടെ പരസ്യം.

മൂന്നാറിന്റെ പശ്ചാത്തലത്തിൽ കേരളം ചർച്ച ചെയ്യേണ്ടത് ഇവിടെ നടക്കുന്ന ടൂറിസം വികസനത്തിന്റെ സ്വഭാവത്തെക്കുറിച്ചും അതിനെക്കുറിച്ചുള്ള ഒരു പുനർവിചിന്തനവുമാണ്. ടൂറിസം വികസനം കേരളത്തിന്റെ വികസന പ്രതിസന്ധിക്ക് ഏക പരിഹാരമാണെന്ന സ്ഥിരം പ്രചാരണത്തിലൂടെ ടൂറിസം വകുപ്പും, ടൂറിസം വ്യവസായ ലോബിയും കേരളത്തിൽ നടത്തുന്ന അനിയന്ത്രിതവും സ്ഥായിയല്ലാത്തതുമായ (Unsustainable) ഒരു ടൂറിസം വികസനത്തെയാണ് മൂന്നാറും മറ്റ സമാന സംഭവങ്ങളും നമുക്കു കാട്ടിത്തരുന്നത്. ഇത്തരം വസ്തുതകൾ ചർച്ച ചെയ്യുന്നതിനു പകരം മൂന്നാർ ഓപ്പറേഷന് 'വിശുദ്ധത' ചാർത്തിക്കൊടുക്കാനാണ് ഇവിടുത്തെ മാധ്യമങ്ങളും (അനുകൂലിച്ചും, പ്രതികൂലിച്ചും) ബുദ്ധിജീവികളും ശ്രമിക്കുന്നത്.

ഇത്തരം ചർച്ചകൾ അവസാനിപ്പിച്ച് ഇവിടെ നടക്കുന്ന അനിയന്ത്രിത ടൂറിസത്തെക്കുറിച്ചും, ടൂറിസത്തിലെ ദോഷകരമായ പ്രവണതകളെക്കുറിച്ചും ചർച്ച ചെയ്യുകയും അതവസാനിപ്പിക്കാനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുകയാണ് വേണ്ടത്. കഴിഞ്ഞ കുറെ കാലമായി കേരളത്തിലെ സിവിൽ സമൂഹത്തിന്റെ ആവശ്യപ്പെടുന്ന ഒന്നാണിത്. പക്ഷേ അതിനു പകരം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കാലകാലങ്ങളായി കൂട്ടുനിന്ന ഉദ്യോഗസ്ഥരെ തന്നെ വീണ്ടും ഈ പ്രദേശങ്ങളുടെ കടിഞ്ഞാൺ ഏൽപ്പിക്കുന്ന പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്. ഇത് ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനേ ഉതകൂ. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെയും കേരള ടൂറിസത്തിലെ ഉദ്യോഗസ്ഥ പ്രമാണിത്വത്തിനെതിരെയും കേരളത്തിലെ സിവിൽ സമൂഹത്തിന്റെ ഭാഗത്തുനിന്നും ശക്തമായ എതിർപ്പ് ഉയർന്നുവരേണ്ടതുണ്ട്.

*കബനി-ദ അദർ ഡയറക്ഷൻ, ടി.സി.-17/1982/1,പൂജപ്പുര, തിരുവനന്തപുരം*